**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 340** **29-01-2024 - ൽ മറുപടിയ്ക്ക്**

**കെ-സ്മാർട്ട് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിൽ നടപ്പിലാക്കിയ കെ-സ്മാർട്ട് പദ്ധതി പ്രകാരം എന്തെല്ലാം സേവനങ്ങളാണ് ഉപഭോക്താവിന് ലഭിക്കുന്നത്; വിശദമാക്കാമോ; | (എ) | KSMART നഗരഭരണ സ്ഥാപനങ്ങളിൽ 2024 ജനുവരി 1 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ജനന മരണ വിവാഹ രജിസ്ട്രേഷൻ, ബിൽഡിങ് പെർമിഷൻസ്, പ്രോപ്പർട്ടി ടാക്സ്, ലൈസൻസ്, പരാതി പരിഹാരം, എച്ച്.ആർ.എം.എസ്, ഡിജിറ്റൽ ഫയൽ മാനേജ്മെൻറ്, ഫിനാൻസ്, മൊബൈൽ ആപ്പ് എന്നീ മൊഡ്യൂളുകൾ വഴി 72 സേവനങ്ങളാണ് ആദ്യ ഘട്ടത്തിൽ ഓൺലൈനായി ലഭ്യമാക്കിയിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിപ്രകാരം ഉപഭോക്താവിന് സേവനങ്ങൾ ലഭിക്കുന്നത് അപേക്ഷ നല്കുന്നതിന്റെ സീനിയോരിറ്റി പ്രകാരമാണോ ; അല്ലെങ്കിൽ അപേക്ഷ പരിഗണിക്കുന്നത് സീനിയോരിറ്റി പ്രകാരമാക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) | ആദ്യം അപേക്ഷിച്ചവർക്ക് ആദ്യം എന്ന രീതിയിൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്തുന്നതാണ് . |
| (സി) | അപേക്ഷകൾ തീർപ്പാക്കുന്നതിനും സേവനങ്ങൾ നൽകുന്നതിനും സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | നിലവിൽ സേവനാവകാശ നിയമപ്രകാരമുള്ള സമയ പരിധിയാണ് സോഫ്റ്റ് വെയറിൽ നിശ്ചയിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ